**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4656** **02-07-2024 - ൽ മറുപടിയ്ക്ക്**

**ശിരുവാണി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച ഫണ്ടിനത്തിൽ എത്ര കോടി രൂപയാണ് തമിഴ്നാട് സർക്കാരിൽ നിന്ന് തിരികെ ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച ഫണ്ടിൽ 2020-21 സാമ്പത്തിക വർഷം മുതൽ 2023-24 വർഷം വരെ 3,02,07,523/- രൂപ തമിഴ്നാട് സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | ശിരുവാണി ഡാമുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാർ നൽകിയ ശമ്പളയിനത്തിൽ എത്ര കോടി രൂപയാണ് തമിഴ്നാട് സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ശിരുവാണി ഡാമുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാർ നൽകിയ ശമ്പളയിനത്തിൽ 31/12/2023 വരെ 2,78,89,185/-രൂപ തമിഴ്നാട് സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തിയിനത്തിൽ ഏജൻസി ചാർജ്ജായി തമിഴ്നാട് സർക്കാരിൽ നിന്നും എത്ര കോടി രൂപയാണ് ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തിയിനത്തിൽ ഏജൻസി ചാർജ്ജായി 2020-21 മുതൽ 2023-24 വരെ 41,78,745/- രൂപ തമിഴ്നാട് സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത ഡാം ഉൾപ്പെടുന്ന ഭൂമിയുടെ വാടകയിനത്തിൽ എത്ര തുകയാണ് തമിഴ്നാട് സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത ഡാം ഉൾപ്പെടുന്ന ഭൂമിയുടെ വാടക ഇനത്തിൽ 2020-21 മുതൽ 2023-24 വരെ 19,24,000/- രൂപ തമിഴ്നാട് സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. |
| (ഇ) | നിലവിൽ പൂർത്തിയായ പ്രവൃത്തികൾക്കും ഇനി പൂർത്തിയാവാനുള്ള പ്രവൃത്തികൾക്കുമായ് ആക്ഷൻ പ്ലാനിൽ എത്ര കോടി രൂപയാണ് തമിഴ്നാട് സർക്കാർ നൽകേണ്ടത്; വ്യക്തമാക്കാമോ; | (ഇ) | നിലവിൽ പൂർത്തിയായ പ്രവൃത്തികൾക്കും ഇനി പൂർത്തിയാവാനുള്ള പ്രവൃത്തികൾക്കുമായി ആക്ഷൻ പ്ലാനിൽ 47,07,50,999/- രൂപയാണ് തമിഴ്നാട് സർക്കാരിൽ നിന്നും ലഭിക്കേണ്ടത്. |
| (എഫ്) | നിലവിൽ പ്രസ്തുത പദ്ധതിയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ ബാലൻസ് തുക എത്രയാണെന്ന് അറിയിക്കാമോ; | (എഫ്) | നിലവിൽ പ്രസ്തുത പദ്ധതിയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ ബാലൻസ് തുക 227/- രൂപയാണ്. |
| (ജി) | ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശിക തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ജി) | ശിരുവാണി പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ജലവിഭവ വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | പ്രസ്തുത ആവശ്യം ഉന്നയിച്ച് കൊണ്ട് TWAD Board, Coimbatore-ന് കത്ത് അയച്ചിട്ടുണ്ട്, |

സെക്ഷൻ ഓഫീസർ